എ.വൈ.ആർ



**ദുഷ്കർമങ്ങളും ദുഷിച്ച ചുറ്റുപാടും വെടിഞ്ഞാൽ ഒറ്റപ്പെട്ടുപോകുമെന്നോ ദുർബലരാകുമെന്നോ ആരും ഭയപ്പെടേണ്ട. സത്യധർമങ്ങൾ സ്വീകരിക്കുകയും ആചരിക്കുകയും ചെയ്യുന്നവരോടൊപ്പം അല്ലാഹുവുണ്ടായിരിക്കും. അവന്റെ കരുണാകടാക്ഷം അവരെ കാത്തുകൊള്ളും. അല്ലാഹുവിന്റ സാന്നിധ്യവും കരുണാകടാക്ഷവും ലഭിക്കുന്നവർക്ക് മറ്റ് ആശ്രയങ്ങളൊന്നും ആവശ്യമില്ലാതാകുന്നു.**

إِلَّا مَنْ تَابَ وَآمَنَ وَعَمِلَ عَمَلًا صَالِحًا فَأُولَٰئِكَ يُبَدِّلُ اللَّهُ
سَيِّئَاتِهِمْ حَسَنَاتٍ ۗ وَكَانَ اللَّهُ غَفُورًا رَحِيمًا ﴿٧٠﴾

70. എന്നാൽ മുൻചൊന്ന പാപങ്ങൾ ചെയ്ത ശേഷം പശ്ചാത്തപിക്കുകയും സത്യവിശ്വാസം കൈക്കൊണ്ട് സൽകർമങ്ങളാചരിക്കുകയും ചെയ്തവർ ഈ പരിണതിയിൽനിന്ന് രക്ഷപ്പെടുന്നു. അത്തരമാളുകളുടെ തിന്മകളെ അല്ലാഹു നന്മകളാക്കി മാറ്റുന്നതാകുന്നു. അല്ലാഹു ഏറെ മാപ്പരുളുന്നവനും പരമദയാലുവുമല്ലോ.

وَمَنْ تَابَ وَعَمِلَ صَالِحًا فَإِنَّهُ يَتُوبُ إِلَى اللَّهِ مَتَابًا ﴿٧١﴾

71. ചെയ്തുപോയ പാപകർമങ്ങളിൽ പശ്ചാത്തപിച്ച് സൽകർമങ്ങളാചരിച്ചവൻ അല്ലാഹുവിങ്കലേക്ക് മടങ്ങുന്നത് വിശിഷ്ടമായ മടക്കം തന്നെയാകുന്നു.

**70,71**

إِلَّا مَنْ تَابَ وَآمَنَ وَعَمِلَ عَمَلًا صَالِحًا= (എന്നാൽ മുൻചൊന്ന പാപങ്ങൾ ചെയ്ത ശേഷം) പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും നല്ലതു ചെയ്യുകയും ചെയ്തവൻ ഒഴിച്ച് (ചെയ്തവൻ ഈ പരിണതിയിൽനിന്ന് രക്ഷപ്പെടുന്നു)
فَأُولَٰئِكَ = അക്കൂട്ടർ (അത്തരം ആളുകൾ) يُبَدِّلُ اللَّهُ سَيِّئَاتِهِمْ = അവരുടെ തിന്മകളെ അല്ലാഹു മാറ്റുന്നതാകുന്നു
حَسَنَاتٍ = നന്മകളായിട്ട് وَكَانَ اللَّهُ غَفُورًا رَحِيمًا = (ആണല്ലോ) അല്ലാഹു ഏറെ മാപ്പരുളുന്നവനും പരമദയാലുവുമാകുന്നു
وَمَنْ تَابَ وَعَمِلَ صَالِحًا = (ചെയ്തുപോയ പാപങ്ങളിൽ) പശ്ചാത്തപിക്കുകയും സൽകർമമാചരിക്കുകയും ചെയ്തവൻ
فَإِنَّهُ يَتُوبُ إِلَى اللَّهِ = അവൻ അല്ലാഹുവിങ്കലേക്കു മടങ്ങുന്നു(ന്നത്) مَتَابًا = ഒരു മടക്കം (വിശിഷ്ടമായ മടക്കം തന്നെയാകുന്നു)

പ്രവാചകശിഷ്യന്മാരിൽ പലരും അവരുടെ ജാഹിലിയ്യാ ജീവിതത്തിൽ മുൻചൊന്ന പാപകർമങ്ങൾ ചെയ്തിട്ടുള്ളവരായിരുന്നു. ഇബാദുർറഹ്മാന്റെ ഗണത്തിൽ ചേർന്ന ശേഷം അതിൽനിന്നെല്ലാം പിന്മാറിയെങ്കിലും പൂർവജീവിതത്തിൽ ചെയ്തുപോയിട്ടുള്ള പാതകങ്ങൾക്ക് പരലോകത്ത് ശിക്ഷിക്കപ്പെടുമോ എന്ന് അവർ ആശങ്കിച്ചിരുന്നു. കൂടാതെ, അവിശ്വാസികൾ പറഞ്ഞുതുടങ്ങി: 'ഓ, മുഹമ്മദിന്റെ ദീൻ പ്രകാരം കാലാകാലം നരകത്തിൽ കിടക്കാൻ വേണ്ടത്ര നാം ചെയ്തുകഴിഞ്ഞു. ഇനിയിപ്പോൾ അതൊക്കെ മതിയാക്കി അയാളുടെ കൂടെ കൂടിയിട്ടെന്തു കാര്യം?!' ഇതിനുള്ള മറുപടിയായിട്ടാണ് ഈ സൂക്തം അവതരിച്ചത്. ഇബ്നു അബ്ബാസ് പ്രസ്താവിച്ചതായി ബുഖാരി ഉദ്ധരിക്കുന്നു: وَالَّذِينَ لَا يَدْعُونَ എന്നു തുടങ്ങുന്ന സൂക്തം അവതരിച്ചപ്പോൾ മക്കയിലെ വിഗ്രഹാരാധകർ ഘോഷിച്ചു: 'ഞങ്ങൾ ആളുകളെ അന്യായമായി കൊന്നിരിക്കുന്നു, ബഹുദൈവങ്ങളോടു പ്രാർഥിച്ചിരിക്കുന്നു. അനാശാസ്യനടപടികളിലേർപ്പെടുകയും ചെയ്തിരിക്കുന്നു.' അതിനെത്തുടർന്നാണ് إِلَّا مَنْ تَابَ എന്നു തുടങ്ങുന്ന സൂക്തങ്ങൾ അവതരിച്ചത്.

ഉപരിസൂചിത പീഡാവസ്ഥയിൽനിന്ന് രക്ഷപ്പെടാനുള്ള ഏകമാർഗം തൗബയും അമലുസ്സ്വാലിഹാത്തും–പാപങ്ങളിൽനിന്ന് പശ്ചാത്തപിച്ചു പിന്തിരി

ഞ്ഞ് വർധിച്ച സൽകർമങ്ങളിലേർപ്പെടുക-ആകുന്നു. തൗബ എന്താണെന്നും എങ്ങനെയാണെന്നും *ഖുർആൻ ബോധനം* സൂറ *അന്നിസാഅ്* 17-18 സൂക്തങ്ങൾക്ക് താഴെ ചർച്ചചെയ്തിരിക്കുന്നു. يُبَدِّلُ اللَّهُ سَيِّئَاتِهِمْ حَسَنَاتٍ -ന്റെ തർജമ അല്ലാഹു അവരുടെ തിന്മകളെ നന്മകളാക്കി മാറ്റും എന്നാണ്. അവർ ചെയ്ത പാപങ്ങളൊക്കെ പുണ്യങ്ങളായി പരിഗണിച്ച് പ്രതിഫലം നൽകും എന്നല്ല ഇതിന്റെ താൽപര്യം. പ്രത്യുത, സത്യധർമങ്ങളംഗീകരിക്കുകയും ചെയ്തുപോയ പാപങ്ങളിൽ നിഷ്കളങ്കമായി പശ്ചാത്തപിക്കുകയും സൽകർമങ്ങളിലേർപ്പെടുകയും ചെയ്യുന്നവരുടെ കർമപുസ്തകത്തിൽനിന്ന് അവരുടെ പൂർവപാപങ്ങളെല്ലാം മായ്ച്ചുകളയും എന്നാണ്. തുടർന്ന് കർമപുസ്തകം പുതുതായി ആരംഭിക്കുന്നു. ഈമാനിന്നും തൗബക്കും ശേഷം അവർ ദുഷ്കർമങ്ങൾക്കു പകരം സൽകർമങ്ങളാണല്ലോ ചെയ്തുകൊണ്ടിരിക്കുന്നത്. അതായിരിക്കും പുതിയ കർമപുസ്തകത്തിൽ രേഖപ്പെടുത്തുക. അഹന്തക്ക് പകരം വിനയം, സത്യവിരോധത്തിനു പകരം സത്യസ്നേഹം, രാത്രികാലത്ത് അനാശാസ്യങ്ങൾക്കു പകരം ആരാധനകൾ, ധാരാളിത്തത്തിനും ലുബ്ധിനും പകരം മിതവ്യയം, ബഹുദൈവാരാധനക്കു പകരം ഏകദൈവാരാധന, അക്രമങ്ങൾക്കും കൊലപാതകങ്ങൾക്കും പകരം ആളുകൾക്ക് ജീവിക്കാനും ജീവിതം സുഗമമാക്കാനുമുള്ള നടപടികൾ. അതുകൊണ്ട് നേരത്തെ കുറെ പാപം ചെയ്തു കഴിഞ്ഞുവല്ലോ എന്നു കരുതി ആരും നിരാശപ്പെടേണ്ടതില്ല. വിശ്വാസവും തൗബയും നിഷ്കളങ്കമാണെങ്കിൽ അതൊരു പുതുജന്മമാണ്. അതിൽ പൂർവകാല തിന്മകളെല്ലാം മായ്ക്കപ്പെടുകയും തൽസ്ഥാനത്ത് പുതുതായി ചെയ്യുന്ന നന്മകൾ സ്ഥലം പിടിക്കുകയും ചെയ്യും. അങ്ങനെ ജാഹിലിയ്യാ ജീവിതത്തിലെ പാപങ്ങളെല്ലാം പൊറുക്കപ്പെട്ട പുണ്യാത്മാക്കളായിട്ടായിരിക്കും അവർ പരലോകത്തെത്തുക. وَكَانَ اللَّهُ غَفُورًا رَحِيمًا (അല്ലാഹു ഏറെ പൊറുത്തുകൊടുക്കുന്നവനും കരുണാമയനുമാകുന്നു. സൂറ *അസ്സുമർ* 53-ാം സൂക്തത്തിൽ പറയുന്നു:

قُلْ يَا عِبَادِيَ الَّذِينَ أَسْرَفُوا عَلَىٰ أَنفُسِهِمْ لَا تَقْنَطُوا مِن رَّحْمَةِ اللَّهِ ۚ إِنَّ اللَّهَ يَغْفِرُ الذُّنُوبَ جَمِيعًا ۚ إِنَّهُ هُوَ الْغَفُورُ الرَّحِيمُ ﴿٥٣﴾

(തങ്ങളോടുതന്നെ കൊടിയ അതിക്രമം പ്രവർത്തിച്ച ദൈവദാസന്മാരോട് പറയുക: നിങ്ങൾ ദൈവകാരുണ്യത്തിൽ നിരാശപ്പെടേണ്ട. അല്ലാഹു എല്ലാ പാപവും പൊറുത്തുതരും. ഏറെ പൊറുക്കുന്നവനും കരുണാമയനും തന്നെയാണവൻ).

ഈമാനും തൗബയും അമലുസ്സ്വാലിഹാത്തും കൈക്കൊണ്ടവരും ചിലപ്പോൾ പാപങ്ങൾ ചെയ്തുപോകാം. അത്തരം പാപങ്ങൾ പുതിയ കർമപുസ്തകത്തിലും സ്ഥാനം പിടിക്കും. പരലോകത്ത് അതിന്റെ ഫലം അനുഭവിക്കേണ്ടിവരികയും ചെയ്യും. അതിൽനിന്നുള്ള മോചനത്തിനും തൗബയും സൽകർമവും തന്നെയാണ് ശരണം. إِنَّ الْحَسَنَاتِ يُذْهِبْنَ السَّيِّئَاتِ (നന്മകൾ തിന്മകളെ നശിപ്പിക്കുന്നു-11: 114). നബി (സ) പ്രസ്താവിച്ചതായി ഇമാം അഹ്മദും തിർമിദിയും ബൈഹഖിയും ഉദ്ധരിക്കുന്നു: اتبع السيئة الحسنة تمحها و خالق الناس بخلق حسن (തിന്മ ചെയ്താൽ ഉടനെ നന്മ ചെയ്തുകൊള്ളുക. അതു തിന്മയെ മായ്ച്ചുകളയും. ആളുകളോടു സുന്ദരമായി പെരുമാറുകയും ചെയ്യുക). وَمَن تَابَ..... مَتَابًا എന്ന വചനം 68-ാം സൂക്തത്തിലെ وَمَن يَفْعَلْ ذَٰلِكَ يَلْقَ أَثَامًا എന്ന വാക്യത്തിന്റെ വിപരീതമാണ്. സത്യവിശ്വാസം കൈക്കൊണ്ട് തൗബ ചെയ്ത് അല്ലാഹുവിലേക്ക് മടങ്ങുന്നവർക്കുള്ള സുവിശേഷം ഊന്നിപ്പറയുകയാണിതിൽ. പാപകർമങ്ങൾ ചെയ്തുകൂട്ടിയവർ ഒരു പശ്ചാത്താപവുമില്ലാതെ മരിച്ചുപോയാൽ തീർച്ചയായും ആ പാപങ്ങളുടെ തിക്തഫലങ്ങൾ അനുഭവിക്കേണ്ടിവരും. അതാകട്ടെ എളുപ്പം അനുഭവിച്ചു തീരുകയുമില്ല. പാപങ്ങൾ വർജിച്ച് സത്യവിശ്വാസം കൈക്കൊണ്ട് സൽകർമങ്ങളിലേർപ്പെട്ട് മരണമടയുന്നവർ പുണ്യാത്മാക്കളായിത്തീർന്ന് അല്ലാഹുവിങ്കലേക്ക് മഹനീയമായ മടക്കം മടങ്ങുന്നു. നിലവിൽ തുടർന്നുവരുന്ന ജീവിതക്രമം ദുഷ്ടവും ജീർണവുമാണെന്നറിഞ്ഞുകൊണ്ടുതന്നെ, അതുപേക്ഷിച്ച് പുതിയ വിശ്വാസവും കർമരീതിയും സ്വീകരിക്കുക തങ്ങളെ സംബന്ധിച്ചേടത്തോളം അതീവ ദുഷ്കരമാണെന്നു കരുതി തിന്മയിൽ തന്നെ തുടരുന്നവർക്കുള്ള ഉൽബോധനവും കൂടിയാണിത്. ദുഷ്കർമങ്ങളും ദുഷിച്ച ചുറ്റുപാടും വെടിഞ്ഞാൽ ഒറ്റപ്പെട്ടുപോകുമെന്നോ ദുർബലരാകുമെന്നോ ആരും ഭയപ്പെടേണ്ട. സത്യധർമങ്ങൾ സ്വീകരിക്കുകയും ആചരിക്കുകയും ചെയ്യുന്നവരോടൊപ്പം അല്ലാഹുവുണ്ടായിരിക്കും. അവന്റെ കരുണാകടാക്ഷം അവരെ കാത്തുകൊള്ളും. അല്ലാഹുവിന്റെ സാന്നിധ്യവും കരുണാകടാക്ഷവും ലഭിക്കുന്നവർക്ക് മറ്റ് ആശ്രയങ്ങളൊന്നും ആവശ്യമില്ലാതാകുന്നു. ■

---

وَالَّذِينَ لَا يَشْهَدُونَ الزُّورَ وَإِذَا مَرُّوا بِاللَّغْوِ مَرُّوا كِرَامًا ﴿٧٢﴾

72. വ്യാജസാക്ഷ്യം ചെയ്യാത്തവരുമാണവർ. കെടുകാര്യങ്ങൾക്കരികിലൂടെ കടന്നുപോകേണ്ടി വന്നാൽ മാന്യരായി കടന്നുപോകുന്നു.

**72**

وَالَّذِينَ لَا يَشْهَدُونَ الزُّورَ = വ്യാജസാക്ഷ്യം ചെയ്യാത്തവരുമാണവർ

وَإِذَا مَرُّوا بِاللَّغْوِ = അവർ കെടുകാര്യങ്ങൾക്കരികിലൂടെ ന(ക)ടന്നുപോകേണ്ടിവന്നാൽ

مَرُّوا كِرَامًا = അവർ മാന്യന്മാരായി കടന്നുപോകുന്നു

ഇബാദുർറഹ്മാന്റെ സ്വഭാവവർണന തുടരുകയാണ്. സത്യവിരുദ്ധമായ വർത്തമാനവും ധർമവിരുദ്ധമായ കർമങ്ങളുമാണ് زور. യശ്ഹദുന, ശഹാദത്തി(സാക്ഷ്യം) ന്റെ വർത്തമാനകാല ക്രിയാരൂപമാണ്. കള്ളസാക്ഷ്യത്തിന് شهادة الزور എന്നു പറയും.

ഇവിടെ لَا يَشْهَدُونَ الزُّورَ -ക്ക് രണ്ടു വിവക്ഷകളുണ്ട്. ഒന്ന്, അവർ എവിടെയും-കോടതിയിലായാലും പുറത്തായാലും കള്ളസാക്ഷി പറയാൻ തയാറാവില്ല. തങ്ങൾ നേരിട്ടറിയുകയോ കാണുകയോ ചെയ്യാത്ത കാര്യം അറിഞ്ഞതായോ കണ്ടതായോ പറയുന്നത് കള്ളസാക്ഷ്യമാണ്-ആ കാര്യത്തെക്കുറിച്ച് തർക്കമുണ്ടായാലും ഇല്ലെങ്കിലും. അതുപോലെ നേരിട്ടറിയാവുന്ന കാര്യങ്ങൾ സത്യം തെളിയിച്ച് നീതി നടപ്പാക്കുന്ന കേന്ദ്രങ്ങളിൽ ന്യായമായ കാരണമില്ലെങ്കിൽ സാക്ഷ്യപ്പെടുത്താതിരിക്കുന്നതും കുറ്റകരമാകുന്നു. നീതി നിർവഹകർക്കു മുമ്പിൽ തനിക്കറിയാവുന്ന കാര്യം വെളിപ്പെടുത്താതിരിക്കുന്നത് സാക്ഷ്യം പൂഴ്ത്തിവെക്കൽ كتمان الشهادة ആകുന്നു. സത്യസാക്ഷ്യം എന്ന ഉത്തരവാദിത്വത്തിന്റെ ലംഘനമാണത്. സാക്ഷ്യത്തിന്റെ പ്രാധാന്യവും അത് നിർവഹിക്കേണ്ട രീതിയും സൂറ *അൽബഖറ, അന്നിസാഅ്, അൽ മാഇദ* സൂറകളിൽ അനേകം സൂക്തങ്ങളിൽ വിശദമാക്കിയിട്ടുണ്ട്. വിശദപഠനത്തിന് പ്രസ്തുത സൂക്തങ്ങളുടെ വിശദീകരണം കാണുക.

സദാചാരവിരുദ്ധവും അധാർമികവും അക്രമപരവും അന്യായവുമായ ഇടപാടുകളുടെ കാഴ്ചക്കാരാവുകയാണ് شهادة الزور-ന്റെ രണ്ടാമത്തെ വിവക്ഷ. അത്തരം കാര്യങ്ങളെയെല്ലാം ഉൾക്കൊള്ളുന്ന പദമാണ് لغو . ഈ പദം നേരത്തെ *അൽമുഅ്മിനൂൻ* 3-ാം സൂക്തത്തിൽ വന്നിട്ടുണ്ട്. അതിന്റെ അർഥതാൽപര്യങ്ങൾ *ഖുർആൻ ബോധനം* അവിടെ ചർച്ചചെയ്തിരിക്കുന്നു. യഥാർഥ സത്യവിശ്വാസികൾ لغو-ൽനിന്ന് അകന്നുനിൽക്കും അല്ലെങ്കിൽ അവഗണിക്കും എന്നാണ് പ്രസ്തുത സൂക്തത്തിൽ പറഞ്ഞിരിക്കുന്നത്. അത്തരം നടപടികൾക്കരികിലൂടെ കടന്നുപോകേണ്ടിവന്നാൽ അതിൽ പങ്കാളികളോ കാഴ്ചക്കാരോ ആകാതെ മാന്യമായി കടന്നുപോവുകയാണ് അവയോടുള്ള അവഗണന എന്ന് പ്രകൃത വചനത്തിൽനിന്നും വ്യക്തമാകുന്നു. വിനോദം, കല, സാഹിത്യം, ആഘോഷം, ആരാധന എന്നിങ്ങനെ നിരവധി രൂപങ്ങളിൽ لغو ഉണ്ടാകാം. ഒരു കാര്യം لغو ആവുക അത് സത്യബോധത്തെയും ധർമബോധത്തെയും മാനുഷിക മൂല്യങ്ങളെയും പോഷിപ്പിക്കുകയാണോ അതല്ല ശോഷിപ്പിക്കുകയാണോ അഥവാ മനുഷ്യമനസ്സിനെ വിമലീകരിക്കുകയാണോ അതല്ല മലിനീകരിക്കുകയാണോ ചെയ്യുക എന്നതിനെ ആസ്പദിച്ചാണ്. മാനുഷിക ചര്യകളിൽ ഈ രണ്ടു ഗുണങ്ങളും കലർന്നിരിക്കും. നൂറു ശതമാനം ദുഷ്ടവും നൂറു ശതമാനം ശ്രേഷ്ടവുമായ കാര്യങ്ങൾ അപൂർവമാണ്. ഏതു ഗുണമാണ് മികച്ചുനിൽക്കുന്നത് എന്നു നോക്കിയാണ് لغو ആണോ അല്ലേ എന്നു തീരുമാനിക്കേണ്ടത്. ദോഷം മികച്ചുനിൽക്കുന്ന കാര്യം സാഹിത്യ-കലാ ആവിഷ്കാരമായാലും ആദർശമായാലും ആരാധനയായാലും എല്ലാം വർജ്യമായ لغو ആകുന്നു. സാധാരണ ഗതിയിൽ അശ്ലീലവും ആഭാസവുമായിക്കണ്ട് മാന്യന്മാർ അകന്നുനിൽക്കുന്ന നടപടികൾ കലാവൈഭവത്തോടെ രസദായകമായ രീതിയിൽ ആവിഷ്കരിച്ചാൽ മഹത്തായ രചനകളായി വാഴ്ത്തി എല്ലാവരും ആസ്വദിക്കണമെന്നാണ് ആധുനിക ലോകത്തിന്റെ നിലപാട്. അങ്ങനെ കല സ്വയം മലീമസമാവുകയും മനുഷ്യമനസ്സുകളെ മലീമസമാക്കുകയും ചെയ്യുന്നു. സനാതന മൂല്യങ്ങളും പ്രവാചകവര്യന്മാരുടെ പുണ്യജീവിതങ്ങളും വരെ അപവദിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എല്ലാം കാണാനും കൈയടിക്കാനും ആളുകളുള്ളിടത്തോളം കാലം ഇതൊക്കെ നിർബാധം അരങ്ങേറിക്കൊണ്ടിരിക്കും.

കെട്ടകാര്യം എത്ര കലാപരവും നയനാഭിരാമവുമായാലും ഇബാദുർറഹ്മാന്റെ ശുദ്ധമനസ്സുകൾക്ക് അതിൽ കൗതുകം തോന്നുകയില്ല. അഥവാ കൗതുകം തോന്നുന്നുവെങ്കിൽ അവരുടെ മനസ്സിനെയും മാലിന്യം തീണ്ടിയിരിക്കുന്നുവെന്നാണർഥം. അപ്പോഴാണ് അധർമങ്ങളും അശ്ലീലങ്ങളും കണ്ടുനിൽക്കാൻ താൽപര്യപ്പെടുക. ഈ കാഴ്ചയിൽ രസം പൂണ്ടവർ കുറേ ചെല്ലുമ്പോൾ അതിൽ പങ്കാളികളാവുകയും ചെയ്യും. അതുകൊണ്ട് ഇബാദുർറഹ്മാൻ കെടുകാര്യങ്ങൾ കാണാനോ കേൾക്കാനോ നിൽക്കാതെ അതിൽനിന്നൊക്കെ മാന്യമായ അകലം സൂക്ഷിക്കുന്നു. ■

---

وَالَّذِينَ إِذَا ذُكِّرُوا بِآيَاتِ رَبِّهِمْ لَمْ يَخِرُّوا عَلَيْهَا صُمًّا وَعُمْيَانًا ﴿٧٣﴾

73. വിധാതാവിന്റെ സൂക്തങ്ങൾ ഓർമിപ്പിക്കപ്പെട്ടാൽ അതിന്മേൽ ബധിരരും അന്ധരുമായി ചാടിവീഴാത്തവരുമാണവർ.

**73**

وَالَّذِينَ إِذَا ذُكِّرُوا = അവർ ഓർമിപ്പിക്കപ്പെട്ടാൽ بِآيَاتِ رَبِّهِمْ = അവരുടെ വിധാതാവിന്റെ സൂക്തങ്ങൾ

لَمْ يَخِرُّوا عَلَيْهَا = അവർ അതിന്മേൽ ചാടിവീണില്ല (വീഴാത്തവരുമാണവർ) صُمًّا وَعُمْيَانًا = ബധിരരും അന്ധരുമായിട്ട്

ഇബാദുര്‍റഹ്മാന്റെ സ്വഭാവത്തെ പ്രശംസിക്കുന്നതോടൊപ്പം ഇബാദുശ്ശൈത്വാനായ അവിശ്വാസികളുടെ സ്വഭാവത്തെ വിമര്‍ശിക്കുകയും ചെയ്യുകയാണ് ഈ സൂക്തം. റബ്ബിന്റെ ആയാത്ത് കൊണ്ട് ദൈവിക സൂക്തങ്ങളും ദൈവിക ദൃഷ്ടാന്തങ്ങളും ദൈവിക ശാസനകളും ഉദ്ദേശിക്കപ്പെടാറുണ്ട്. ഈ വിവക്ഷകളെല്ലാം ഇവിടെ സാധുവാകുമെങ്കിലും മുഖ്യമായി ഉദ്ദേശിച്ചിട്ടുള്ളത് ഖുര്‍ആന്‍ സൂക്തങ്ങളാകുന്നു. ഖുര്‍ആന്‍ സൂക്തങ്ങള്‍ കേള്‍ക്കുന്നതും കേള്‍പ്പിക്കുന്നതും തടയുകയായിരുന്നു വിഗ്രഹാരാധകരുടെ രീതി. لَا تَسْمَعُوا لِهَٰذَا الْقُرْآنِ وَالْغَوْا فِيهِ لَعَلَّكُمْ تَغْلِبُونَ (ഖുര്‍ആന്‍ കേള്‍ക്കാതിരിക്കുവിന്‍. അതു പാരായണം ചെയ്യുന്നിടത്ത് ബഹളമുണ്ടാക്കുവിന്‍. നിങ്ങള്‍ക്ക് അതിനെ അതിജയിക്കാം-41:26).

وَقَالُوا قُلُوبُنَا فِي أَكِنَّةٍ مِمَّا تَدْعُونَا إِلَيْهِ وَفِي آذَانِنَا وَقْرٌ وَمِنْ بَيْنِنَا وَبَيْنِكَ حِجَابٌ

(അവര്‍ പറയുന്നു: നീ വിളിക്കുന്നത് കേള്‍ക്കാതിരിക്കാന്‍ ഞങ്ങളുടെ ഹൃദയങ്ങള്‍ പുറംതോടിനുള്ളിലാണ്. ചെവികളിലാണെങ്കില്‍ അടപ്പുമുണ്ട്. നിനക്കും ഞങ്ങള്‍ക്കുമിടയില്‍ കനത്ത മറയുമുണ്ട്-41:5). വല്ലപ്പോഴും ദൈവിക സൂക്തങ്ങള്‍ കേള്‍ക്കുകയാണെങ്കില്‍ അത് തര്‍ക്കിക്കാനും ഖണ്ഡിക്കാനും പഴുതുകളന്വേഷിക്കുകയായിരിക്കും; അല്ലാതെ ദൈവിക സന്ദേശങ്ങള്‍ മനസ്സിലാക്കാനോ അതിന്റെ യാഥാര്‍ഥ്യത്തെക്കുറിച്ചു ചിന്തിക്കാനോ ആയിരിക്കുകയില്ല. ഈ നിലപാടിനെയാണ് ഇവിടെ يَخِرُّوا عَلَيْهَا صُمًّا وَعُمْيَانًا എന്ന വാക്കുകളില്‍ വിശേഷിപ്പിച്ചിരിക്കുന്നത്. خرور (വീഴ്ച, പതനം) ല്‍നിന്നുള്ള ഭൂതകാല ബഹുവചന ക്രിയയാണ് خرّوا. കറുമുറു ശബ്ദമുണ്ടാക്കുക എന്നും خرور -ന് അര്‍ഥമുണ്ട്. خر عليه എന്നാല്‍ 'അവന്റെ നേരെ ചാടിവീണു'. ദൈവിക സൂക്തങ്ങള്‍ കേള്‍ക്കുമ്പോള്‍ അതു ശ്രദ്ധിച്ചുകേള്‍ക്കാനോ അതിന്റെ അര്‍ഥങ്ങളെക്കുറിച്ചാലോചിക്കാനോ കൂട്ടാക്കാതെ അന്ധവും ബധിരവുമായി അതിനെതിരെ ചാടിവീഴുകയാണ് ഇസ്‌ലാം വിരോധികള്‍.

ഇതില്‍നിന്നും തികച്ചും ഭിന്നമാണ് ഇബാദുര്‍റഹ്മാന്റെ നിലപാട്. അവര്‍ ദൈവിക വചനങ്ങള്‍ കേള്‍ക്കുമ്പോള്‍ അതിന്റെ അര്‍ഥതലങ്ങളുള്‍ക്കൊണ്ട് ഭക്തിപരവശരായി സുജൂദില്‍ വീഴുകയാണ് ചെയ്യുക.

إِذَا تُتْلَىٰ عَلَيْهِمْ آيَاتُ الرَّحْمَٰنِ خَرُّوا سُجَّدًا وَبُكِيًّا

(പരമകാരുണികന്റെ സൂക്തങ്ങള്‍ ഓതിക്കേള്‍പ്പിക്കപ്പെടുമ്പോള്‍ അവര്‍ കരഞ്ഞുകൊണ്ട് സുജൂദില്‍ വീഴുന്നു-19:58). കൂടുതല്‍ വിശദീകരണം *ഖുര്‍ആന്‍ ബോധനം* 19:58 സൂക്തത്തിന് താഴെ കാണുക. ■